244

ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# ഭാരതത്തിന്റെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റ്, 2005

## (2005-ലെ 50-ാം നമ്പർ ആക്റ്റ്)

(2008 മാർച്ച് 10-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE STATE EMBLEM OF INDIA (PROHIBITION OF IMPROPER USE) ACT, 2005

## (ACT No. 50 OF 2005)

(As on 10th March, 2008)

വില : ₹ 28

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2011.

## ആമുഖം

2008 മാർച്ച് 10-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഭാരതത്തിന്റെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റ്, 2005 (2005-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2008 ജൂൺ 19-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 1 മുതൽ 7 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

കെ. ഡി. സിംഗ്,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the State Emblem of India (Prohibition of Improper Use) Act, 2005 (Act No. 50 of 2005) as on 10th March, 2008 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 1 dated 19th June, 2008 on pages 1 to 7.

This authorized translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

**K. D. SINGH,**

*Secretary to the Government of India.*

GCPT. 3/2495/2008/TP

# ഭാരതത്തിന്റെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റ്, 2005

## (2005-ലെ 50-ാം നമ്പർ ആക്റ്റ്)

ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | ചിഹ്നത്തിന്റെ ദുരുപയോഗം നിരോധിക്കൽ | 1 |
| 4. | അന്യായമായ ലാഭത്തിനുള്ള ചിഹ്നത്തിന്റെ ഉപയോഗത്തിന്റെ നിരോധനം | 1 |
| 5. | ചില കമ്പനികളുടെ രജിസ്ട്രേഷന്റെ നിരോധനം മുതലായവ | 2 |
| 6. | ചിഹ്നം ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ പൊതുവായ അധികാരങ്ങൾ | 2 |
| 7. | ശിക്ഷ | 3 |
| 8. | പ്രോസിക്യൂഷനുവേണ്ടിയുള്ള മുൻ അനുമതി | 3 |
| 9. | ഒഴിവാക്കലുകൾ | 3 |
| 10. | ആക്റ്റിന് അധിപ്രഭാവമുണ്ടായിരിക്കുമെന്ന് | 3 |
| 11. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം | 3 |
| | പട്ടിക | 4 |
| | അനുബന്ധം I | 5 |
| | അനുബന്ധം II | 6 |

# ഭാരതത്തിന്റെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റ്, 2005

**(2005-ലെ 50-ാം നമ്പർ ആക്റ്റ്)**

[2005 ഡിസംബർ, 20]

ഭാരതത്തിന്റെ രാഷ്ട്രചിഹ്നം തൊഴിൽപരവും വാണിജ്യപരവുമായ ഉദ്ദേശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നത് നിരോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. <u>ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും പ്രാരംഭവും.</u>—(1) ഈ ആക്റ്റിന് ഭാരതത്തിന്റെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റ്, 2005 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതും ഭാരതത്തിനു പുറത്തുള്ള പൗരൻമാർക്കുകൂടി ബാധകമായിരിക്കുന്നതുമാണ്.

(3) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവചനങ്ങൾ.</u>—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ ഏതെങ്കിലും കമ്പനിയോ ഫേമോ ആളുകളുടെ നികായമോ ഏതെങ്കിലും വ്യാപാരമുദ്രയോ ഡിസൈനോ രജിസ്റ്റർ ചെയ്യുന്നതിന് പേറ്റന്റ് നല്കലോ ക്ഷമതയുള്ള അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഖ) "ചിഹ്നം" എന്നാൽ സർക്കാരിന്റെ ഔദ്യോഗിക മുദ്രയായി ഉപയോഗിക്കുന്നതിനായി പട്ടികയിൽ വിവരിക്കുകയും വിനിർദ്ദേശിക്കുകയും ചെയ്തിട്ടുള്ള ഭാരതത്തിന്റെ രാഷ്ട്ര ചിഹ്നം എന്നർത്ഥമാകുന്നു.

3. <u>ചിഹ്നത്തിന്റെ ദുരുപയോഗം നിരോധിക്കൽ.</u>—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും ചിഹ്നമോ ഏതെങ്കിലും വ്യാജമായ അനുകരണമോ ഏതെങ്കിലും രീതിയിൽ അത് സർക്കാരുമായി ബന്ധപ്പെട്ടതാണെന്നോ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ, അതത് സംഗതി പോലെ, ഔദ്യോഗിക രേഖയാണെന്നോ ധാരണ ഉണ്ടാക്കുന്ന രീതിയിൽ കേന്ദ്രസർക്കാരിന്റെയോ അപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ആ സർക്കാരിന്റെ അങ്ങനെയുള്ള ആഫീസറുടെയോ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

*വിശദീകരണം*:—ഈ വകുപ്പിന്റെ ആവശ്യത്തിനായി, "ആൾ" എന്നതിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാനസർക്കാരുകളുടെയോ ഒരു മുൻകാര്യനിർവാഹകൻ ഉൾപ്പെടുന്നതാണ്.

4. <u>അന്യായമായ ലാഭത്തിനുള്ള ചിഹ്നത്തിന്റെ ഉപയോഗത്തിന്റെ നിരോധനം.</u>—നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സംഗതികളിലും അങ്ങനെയുള്ള ഉപാധികളിൻകീഴിലും അല്ലാതെ യാതൊരാളും ഏതെങ്കിലും വ്യാപാരത്തിന്റെയോ ബിസിനസിന്റെയോ വ്യവസായത്തിന്റെയോ തൊഴിലിന്റെയോ ആവശ്യത്തിനോ അല്ലെങ്കിൽ ഏതെങ്കിലും പേറ്റന്റിന്റെ ശീർഷകത്തിലോ ഏതെങ്കിലും വ്യാപാരമുദ്രയിലോ ഡിസൈനിലോ ചിഹ്നം ഉപയോഗിക്കുവാൻ പാടുള്ളതല്ല.

GCPT. 3/2495/2008/TP

5. ചില കമ്പനികളുടെ രജിസ്ട്രേഷന്റെ നിരോധനം മുതലായവ.—(1) തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരു ക്ഷമതയുള്ള അധികാരസ്ഥാനവും,—

(ക) ചിഹ്നം വഹിക്കുന്ന വ്യാപാരമുദ്രയോ ഡിസൈനോ രജിസ്റ്റർ ചെയ്യുന്നതോ;

(ഖ) ചിഹ്നം അടങ്ങിയ ഒരു ശീർഷകമുള്ള കണ്ടുപിടുത്തവുമായി ബന്ധപ്പെട്ട ഒരു പേറ്റന്റ് നൽകുന്നതോ,

പാടില്ലാത്തതാകുന്നു.

(2) ഏതെങ്കിലും ചിഹ്നം പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു ചിഹ്നം ആണോ അല്ലെങ്കിൽ അതിന്റെ വ്യാജമായ ഒരു അനുകരണമാണോ എന്ന പ്രശ്നം ക്ഷമതയുള്ള ഒരു അധികാരസ്ഥാനം മുമ്പാകെ ഉണ്ടാകുകയാണെങ്കിൽ, ക്ഷമതയുള്ള അധികാരസ്ഥാനം ആ പ്രശ്നം കേന്ദ്രസർക്കാരിന് റഫർ ചെയ്യേണ്ടതും, അതിൻമേൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

6. ചിഹ്നം ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ പൊതുവായ അധികാരങ്ങൾ.—(1) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായി, കേന്ദ്രസർക്കാരിന്, അതിന് ആവശ്യമെന്ന് തോന്നുന്ന, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാനസർക്കാരുകളുടെയും ആഫീസുകളിലും വിദേശനയതന്ത്ര മിഷനുകൾ ഉൾപ്പെടെ അവരുടെ സംഘടനകളിലും ഔദ്യോഗിക മുദ്രയിൽ ചിഹ്നം ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനായി അങ്ങനെയുള്ള വ്യവസ്ഥ ചട്ടങ്ങളാൽ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി,

കേന്ദ്രസർക്കാരിന്—

(ക) സ്റ്റേഷനറിയിൽ ചിഹ്നം ഉപയോഗിക്കുന്നത്, ഭരണഘടനാപരമായ അധികാരികൾ, മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, നിയമസഭാസാമാജികൻമാർ, കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരുകളുടെയും ആഫീസർമാർ എന്നിവരുടെ അർദ്ധ ഔദ്യോഗിക സ്റ്റേഷനറിയിൻമേൽ ചിഹ്നം അച്ചടിക്കുന്നതിന്റെയോ പതിപ്പിക്കുന്നതിന്റെയോ രീതി എന്നിവ പ്രസിദ്ധപ്പെടുത്തുന്നതിന്;

(ഖ) ചിഹ്നം ഉൾക്കൊള്ളുന്ന ഔദ്യോഗികമുദ്രയുടെ ഡിസൈൻ വിനിർദ്ദേശിക്കുന്നതിന്;

(ഗ) ഭരണഘടനാപരമായ അധികാരികളുടെയും വിദേശ വിശിഷ്ടവ്യക്തികളുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മന്ത്രിമാരുടെയും വാഹനങ്ങളിൽ ചിഹ്നം പ്രദർശിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിന്;

(ഘ) ഇൻഡ്യയിലെ പൊതു കെട്ടിടങ്ങളിലും നയതന്ത്ര മിഷനുകളിലും വിദേശത്തുള്ള ഇൻഡ്യയുടെ സ്ഥാനപതികൾ താമസിക്കുന്ന കെട്ടിടങ്ങളിലും ചിഹ്നം പ്രദർശിപ്പിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന്;

(ങ) വിദ്യാഭ്യാസ ആവശ്യങ്ങൾക്കും സായുധസേനാ അംഗങ്ങൾക്കും ഉപയോഗിക്കുന്നത് ഉൾപ്പെടെ മറ്റു വിവിധ ആവശ്യങ്ങൾക്കായി ചിഹ്നം ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ വിനിർദ്ദേശിക്കുന്നതിന്;

(ച) മുൻപറഞ്ഞ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ആവശ്യമെന്നോ സമീചീനമെന്നോ കേന്ദ്രസർക്കാർ കരുതുന്ന അങ്ങനെയുള്ള എല്ലാ കാര്യങ്ങളും (ചിഹ്നത്തിന്റെ ഡിസൈൻ വിനിർദ്ദേശിക്കലും ഏതു രീതിയിലായാലും അതിന്റെ ഉപയോഗവും ഉൾപ്പെടെ) ചെയ്യുന്നതിന്,

അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

7. ശിക്ഷ.—(1) 3-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും, രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവു ശിക്ഷയോ അല്ലെങ്കിൽ അയ്യായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും അല്ലെങ്കിൽ ഈ വകുപ്പിൻകീഴിലെ ഒരു കുറ്റത്തിന് മുമ്പ് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ വീണ്ടും അതേ കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയാണെങ്കിൽ രണ്ടാമത്തെ കുറ്റത്തിനും പിന്നീടുള്ള ഓരോ കുറ്റത്തിനും ആറുമാസക്കാലയളവിൽ കുറയാത്തതും രണ്ടു വർഷക്കാലം വരെയാകാവുന്നതുമായ തടവുശിക്ഷയും അയ്യായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) അന്യായമായ ലാഭത്തിനുവേണ്ടി, 4-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, അത്തരം കുറ്റത്തിന് ആറുമാസക്കാലയളവിൽ കുറയാത്തതും രണ്ടുവർഷക്കാലംവരെയാകാവുന്നതുമായ തടവു ശിക്ഷയും അയ്യായിരം രൂപവരെയാകാവുന്ന പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

8. പ്രോസിക്യൂഷനുവേണ്ടിയുള്ള മുൻ അനുമതി.—കേന്ദ്രസർക്കാരിന്റെയോ കേന്ദ്രസർക്കാർ ഇതിലേക്കായി പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആഫീസറുടെയോ മുൻ അനുമതി കൂടാതെ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റത്തിന് പ്രോസിക്യൂഷൻ ആരംഭിക്കുവാൻ പാടുള്ളതല്ല.

9. ഒഴിവാക്കലുകൾ.—ഈ ആക്റ്റിലെ യാതൊന്നും ഏതൊരാളെയും തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം അയാൾക്കെതിരായി കൊണ്ടുവരാവുന്ന ഏതെങ്കിലും വ്യവഹാരത്തിൽ നിന്നോ മറ്റു നടപടികളിൽ നിന്നോ ഒഴിവാക്കുന്നതല്ല.

10. ആക്റ്റിന് അധിപ്രഭാവമുണ്ടായിരിക്കുമെന്ന്.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലെയോ വ്യവസ്ഥകൾക്ക്, അവയ്ക്ക് വിരുദ്ധമായി മറ്റേതെങ്കിലും നിയമത്തിലോ അങ്ങനെയുള്ള നിയമംമൂലം പ്രഭാവം ലഭിച്ച ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

11. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പുപ്രകാരം ചിഹ്നത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള സംഗതികളും വ്യവസ്ഥകളും;

(ഖ) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരിന്റെ ഔദ്യോഗിക മുദ്രയിൽ ചിഹ്നം ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും വ്യവസ്ഥകളും വിനിർദ്ദേശിച്ചുകൊണ്ടുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും;

(ഗ) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സ്റ്റേഷനറിയിൽ ചിഹ്നത്തിന്റെ ഉപയോഗവും ചിഹ്നം അടങ്ങിയ ഔദ്യോഗിക മുദ്രയുടെ ഡിസൈനും മറ്റു വിഷയങ്ങൾക്കും;

(ഘ) 8-ാം വകുപ്പുപ്രകാരം പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനുള്ള മുൻ അനുമതി നല്കുന്നതിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് പ്രകാരം ആഫീസർമാരെ അധികാരപ്പെടുത്തുന്നതിനും;

(ങ) നിർണ്ണയിക്കപ്പെടാവുന്നതോ നിർണ്ണയിക്കേണ്ടത് ആവശ്യമായിട്ടുള്ളതോ ആയ മറ്റേതെങ്കിലും വിഷയം.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ

ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

## പട്ടിക

[വകുപ്പ് 2 (ഖ) കാണുക]

## ഭാരതത്തിന്റെ രാഷ്ട്രചിഹ്നം

## വിവരണവും ഡിസൈനും

സാരനാഥ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള അശോകസ്തംഭത്തിന്റെ അനുയോജനമാണ് ഭാരതത്തിന്റെ രാഷ്ട്രചിഹ്നം. വൃത്താകൃതിയിലുള്ള ശീർഷകഫലകത്തിൽ ഒന്നിനോടൊന്ന് പുറം തിരിഞ്ഞു നില്ക്കുന്ന നാലു സിംഹങ്ങൾ ഉള്ളതാണ് സ്തംഭം. ഒരു ഗജം, കുതിച്ചുപായുന്ന ഒരു കുതിര, ഒരു കാള, ഒരു സിംഹം എന്നിവയെ ധർമ്മചക്രങ്ങൾ കൊണ്ട് വേർതിരിച്ച് ഉന്നത നിലവാരത്തിലുള്ള കൊത്തുപണികളാൽ അലങ്കരിക്കപ്പെട്ടതാണ് ശീർഷകഫലകത്തിന്റെ മുൻഭാഗം. മണിയുടെ ആകൃതിയിലുള്ള താമരയുടെ പുറത്താണ് ശീർഷകഫലകം സ്ഥിതിചെയ്യുന്നത്.

വലതുഭാഗത്ത് ഒരു കാള, ഇടതുഭാഗത്ത് കുതിച്ചുപായുന്ന ഒരു കുതിര, ഇടത്തേയറ്റത്തും വലത്തേയറ്റത്തും ധർമ്മചക്രങ്ങളുടെ രൂപരേഖകളും മദ്ധ്യത്തിൽ ഒരു ധർമ്മചക്രവും ഉള്ള ശീർഷകഫലകത്തിൽ മൂന്ന് സിംഹങ്ങളെ നിർത്തിയിരിക്കുന്നതായി കാണപ്പെടുന്ന സ്തംഭത്തിന്റെ രൂപമാണ് ഭാരതത്തിന്റെ രാഷ്ട്രചിഹ്നം. മണിയുടെ ആകൃതിയിലുള്ള താമര ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

സ്തംഭത്തിനു താഴെ ദേവനാഗരി ലിപിയിൽ എഴുതിയ "സത്യമേവ ജയതേ"-സത്യം മാത്രം ജയിക്കുന്നു-എന്ന ആദർശസൂക്തം ഭാരതത്തിന്റെ രാഷ്ട്രചിഹ്നത്തിന്റെ ഭാഗമാണ്.

അനുബന്ധം I-ലോ അനുബന്ധം II-ലോ കാണിച്ചിട്ടുള്ള ഡിസൈനുകളോട് സാദൃശ്യമുള്ളതായിരിക്കണം ഭാരതത്തിന്റെ രാഷ്ട്രചിഹ്നം.

## അനുബന്ധം I



सत्यमेव जयते

സത്യമേവ ജയതേ

<u>കുറിപ്പ്</u>.—ഈ ഡിസൈൻ ലഘൂകരിച്ച രൂപത്തിലുള്ളതും സ്റ്റേഷനറികൾ, മുദ്രകൾ, ഡൈ-പ്രിന്റിംഗുകൾ എന്നിവയിൽ ഉപയോഗിക്കുന്നതിന് ചെറിയ രൂപങ്ങളിൽ പകർത്തുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാകുന്നു.

## അനുബന്ധം II



सत्यमेव जयते

സത്യമേവ ജയതേ

കുറിപ്പ്.—ഈ ഡിസൈൻ വിശദാംശങ്ങൾക്കു കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതും വലിയ രൂപത്തിൽ പകർത്തുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതുമാകുന്നു.

# THE STATE EMBLEM OF INDIA (PROHIBITION OF IMPROPER USE) ACT, 2005

## (Act No. 50 of 2005)

## ഭാരതത്തിന്റെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റ്, 2005

## (2005-ലെ 50-ാം നമ്പർ ആക്റ്റ്)

### GLOSSARY

| | | | | |
|---|---|---|---|---|
| 1. | Adaptation | .. | അനുയോജനം | Schedule |
| 2. | Circular abacus | .. | വൃത്താകൃതിയിലുള്ള ശീർഷകഫലകം | Schedule |
| 3. | Colourable imitation | .. | വ്യാജമായ അനുകരണം | Sns. 3, 5 (2) |
| 4. | Constitutional authorities | .. | ഭരണഘടനാപരമായ അധികാരികൾ | Sn. 6 (2) (a) |
| 5. | Emboss | .. | പതിപ്പിക്കുക | Sn. 6 (2) (a) |
| 6. | Former functionary | .. | മുൻകാര്യനിർവാഹകൻ | Sn. 3 Explanation |
| 7. | Specify | .. | നിർദ്ദേശിക്കുക | Sn. 6 (2) (b) |
| 8. | Wrongful gain | .. | അന്യായമായ ലാഭം | Sns. 4-Heading, 7 (2) |